# ജി എം എൽ പി എസ്

# കരിയന്നൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26



# ഉള്ളടക്കം


1. ആമുഖം

2. അടിസ്ഥാന വിവരങ്ങൾ

3. പൊതു ലക്ഷ്യങ്ങൾ

4. ഉപലക്ഷ്യങ്ങൾ

5. വിദ്യാലയ ചരിത്രം

6. അവസ്ഥാ വിശകലനം

7. പദ്ധതി വിശദാംശങ്ങൾ

8. മേഖലകൾ- വിഷയാടിസ്ഥാനത്തിൽ

9. കലണ്ടർ

10. മോണിറ്ററിംഗ്

# ആമുഖം

ഒരു വ്യക്തിയുടെ സമഗ്രവികസനമാണ് വിദ്യഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. സമഗ്രഗുണമേൻമാ പദ്ധതിയുടെ ഭാഗമായി പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പഠനം കൂടുതൽ കാര്യക്ഷമമാവുകയും കുട്ടികൾക്ക് മികച്ച പഠന സൗകര്യങ്ങൾ ഒരുക്കുകയും അക്കാദമിക രംഗത്ത് അവരുടെ നേട്ടങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് വിദ്യാലയ സമൂഹവും അധ്യാപകരും, വിദ്യഭ്യാസ സംവിധാനങ്ങളും കൂട്ടായി പ്രയത്നി ക്കണം.

സമൂഹത്തിൽ ഉയർന്നു വരുന്ന ഓരോ വിദ്യഭ്യാസ സ്ഥാപനവും ആ സമൂഹത്തിന്റെ സാമൂഹ്യ മുന്നേറ്റങ്ങളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടാവണം. എഴുപത്തി അഞ്ച് വർഷങ്ങൾ വേരുകളുള്ള ജി എം എൽ പി എസ് കരിയന്നൂർ സ്കൂളിന്റെ ചരിത്രം നവോത്ഥാന പ്രവർത്തനങ്ങളുടെയും ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളുമായും കണ്ണിചേർക്കപ്പെട്ടിട്ടുണ്ട്. ।

മാറുന്ന കാലത്തെ വിദ്യാഭ്യാസ മികവ് സാധ്യമാക്കാൻ കഴിയുന്ന ആധുനികമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഇപ്പോൾ പുതിയ മാനേജ്മെൻറ് നഴ്സറി തലം മുതൽ നാലാം തരം വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വവികാസത്തിനും ഭാഷ,ഗണിതം ശാസ്ത്രം എന്നിവയിലെ അടിസ്ഥാന ധാരണകൾ ഉറപ്പിക്കുന്നതിനും കലാകായിക മേഖലകളിലെ നൈപുണികൾ പോഷിപ്പിക്കുന്നതുമായ അറിവു നിർമ്മാണ പ്രക്രിയയിൽ ശാസ്ത്രീയമായ സമീപനമാണ് വിദ്യാലയം സ്വീകരിക്കുന്നത്

ഒരു **അക്കാദമിക മാസ്റ്റർ പ്ലാൻ** (Academic Master Plan) എന്നത് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ, അതായത് ഒരു വിദ്യാലയത്തിന്റെ അക്കാദമികപരമായ ഭാവി ലക്ഷ്യങ്ങളും അവ നേടാനുള്ള തന്ത്രങ്ങളും വിശദീകരിക്കുന്ന ഒരു സമഗ്ര രേഖയാണ്. ഇത് സ്ഥാപനത്തിന്റെ ദൗത്യം, കാഴ്ചപ്പാട്, മൂല്യങ്ങൾ എന്നിവയ്ക്ക് അനുസൃതമായി അക്കാദമിക പരിപാടികൾ, പഠന രീതികൾ, ഗവേഷണ പ്രവർത്തനങ്ങൾ, അധ്യാപക പരിശീലനം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പാക്കുക, പാഠ്യപദ്ധതി പരിഷ്കരിക്കുക, പുതിയ കോഴ്സുകൾ ആരംഭിക്കുക, അധ്യാപകരുടെ പ്രൊഫഷണൽ കഴിവുകൾ വർദ്ധിപ്പിക്കുക, വിദ്യാർത്ഥികളുടെ പഠനാനുഭവം മെച്ചപ്പെടുത്തുക,സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഒരു അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്നു. ചുരുക്കത്തിൽ, ഒരു സ്ഥാപനത്തിന്റെ അക്കാദമികമായ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള ഒരു വഴികാട്ടിയാണ് ഈ മാസ്റ്റർ പ്ലാൻ. ഇത് ദീർഘകാലാടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടോടുകൂടി തയ്യാറാക്കുന്ന ഒന്നാണ്, അത് സ്ഥാപനത്തെ അതിന്റെ ലക്ഷ്യങ്ങളിലേക്ക് നയിക്കാൻ സഹായിക്കുന്നു.

# ഉപലക്ഷ്യങ്ങൾ

1സ്ക്രൂളിലെ എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ ഓരോ വിഷയത്തിനും കുട്ടി നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2 കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോ ത്സാഹിപ്പിച്ച് അവരെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

3 ഗണിതക്ലിനിക്, ഗണിതമേള, എന്നീ പ്രവർത്തന പദ്ധതികൽ വഴി എല്ലാ കുട്ടികളിലും ഉള്ള ഗണിതാഭിരുചി വികസിപ്പിക്കൽ

4 എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാഫലപ്രദമായി വായിക്കാനുംഎഴുതാനും സംസാ രിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ

5 ശാസ്ത്രക്ലബ്ബ്, ശാസ്ത്രമേല, ഫീൽഡ് ട്രിപ്പ്, എന്നീ പ്രവർത്തനങ്ങളിലൂടെ ഒന്നുമു തൽ നാല്‌വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യു ക വഴി എല്ലാ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തുക

6 ലൈബ്രറി ശാക്തീകരണത്തിലൂടെ എല്ലാ ക്രുട്ടികളിലെയും വായനാശേഷി വികസി പ്പിക്കുക.

7CWSN കുട്ടികൾക്ക് അനുരൂപീകരണ പ്രവർത്തനങ്ങൾ നൽകി പഠന നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കൽ

8 വിവരസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മുഴുവൻ കുട്ടികളുടെയും പഠന നില വാരം മെച്ചപ്പെടുത്തുക.

9 സ്ക്രൂളിലെ ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളായ ജൈവപാർക്ക്, ജൈവകൃഷി, ഔഷധ സസ്യ സംരക്ഷണം., ഗ്രീൻ പ്രോട്ടോ കോൾ, മുതലായ വയിലൂടെ പരിസ്ഥിതി സംരക്ഷണ ബോധം എല്ലാ കുട്ടികളിലും വളർത്തിയെടു ക്കൽ.

10 കുട്ടികളിലെ പരിസ്ഥിതി അവബോധം വളർത്തുക നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരം വീണ്ടെടുക്കാനും മാറുന്ന സാങ്കേതിക വിദ്യയെകുറിച്ച് കുട്ടി കളിൽ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഷോർട്ട് ഫിലിം നിർമ്മാണം

11 എല്ലാ ദിനാചരണ പ്രവർത്തനങ്ങളും പഠന പ്രവർത്തനങ്ങളിലും ആരോഗ്യകായിക വിദ്യാഭ്യാസത്തിലും രക്ഷിതാക്കളുടെ പങ്ക് ബോധ്യപ്പെടുത്തൽ

12 സ്ക്കൂളിലെ പ്രവർത്തനമികവുകൾ പൊതുസമൂഹത്തിലെത്തിക്കാനും കുട്ടികളുടെ പൊതുസമൂഹത്തിലെ ത്തിക്കാനും കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ പരി പോഷിപ്പിക്കാനും സ്ക്കൂൾ മാഗസിൻ, പത്രം എന്നിവ പ്രസിദ്ധപ്പെടുത്തൽ, വാർഷി ക ആഘോഷം സംഘടിപ്പിക്കൽ.

13 മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.

14 നേടിയ ഭൗതിക സാഹചര്യത്തിൽ നിന്ന് കൊണ്ട് നല്ല സാമൂഹിക ബോധമുള്ള പൗര ന്മാരെ സൃഷ്ടിക്കുക

15 ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക.

16 സാമൂഹിക ഇടപെടലുകളോടെ അക്കാദമിക പ്രവർത്തനങ്ങൾ നടപ്പാക്കുക

17 ഭൗതികവും അക്കാദമികവുമായ മെച്ചപ്പെടലിലൂടെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കു ക. വിദ്യാലയത്തെ മികവൻ്റെ കേന്ദ്രമാക്കുക.

18 അധ്യാപനവും അധ്യയനവും സർഗാത്മകവും രസരകവുമാക്കുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

19 നഴ്സറി മുതൽ നാലാം ക്ലാസ് വരെ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുക

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി എം എൽ പി എസ് കരിയന്നൂർ |
| വിലാസം | : പള്ളിപ്പുറം പി ഒ പട്ടാമ്പി |
| സ്ക്കൂൾ കോഡ് | : 20604 |
| വിദ്യാഭ്യാസജില്ലാ | : ഒറ്റപ്പാലം |
| ഉപജില്ലാ | : പട്ടാമ്പി |
| ബി ആർ സി | : പട്ടാമ്പി |
| ഗ്രാമ പഞ്ചായത്ത് | : പരുതൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : പട്ടാമ്പി |
| നിയമസഭാമണ്ഡലം | : തൃത്താല |
| വില്ലേജ് | : പട്ടാമ്പി |
| വാർഡ് | : 1 |
| ഇമെയിൽ | : gmlpskariyannur@gmail.com |

## നിലവിലുള്ള കുട്ടികളുടെ എണ്ണം

| Class | Strength |
|---|---|
| LKG | 11 |
| UKG | 16 |
| I | 20 |
| II | 21 |
| III | 14 |
| IV | 15 |

## നിലവിലുള്ള അധ്യാപകരുടെ വിവരങ്ങൾ

| അധ്യാപകരുടെ പേര് | തസ്തിക |
|---|---|
| ഏലിയാസ് എം കെ | ഹെഡ്മാസ്റ്റർ |
| സന്ധ്യ പി | എൽ പി എസ് ടി |
| ഗിരി വി നായർ | എൽ പി എസ് ടി |
| ഹൃദ്യ | എൽ പി എസ് ടി |
| മുഹമ്മദ് മുഹ്സിൻ | അറബിക് (ഫുൾടൈം ) |
| വിജയലക്ഷ്മി | യു കെ ജി |
| ജസീല മോൾ | എൽ കെ ജി |

# അവസ്ഥാപഠനം

പ്രൈമറി ക്ലാസിൽ കുട്ടി ആർജ്ജിക്കേണ്ട കരിക്കുലം വിഭാവനം ചെയ്യുന്ന ധാരണകളും ആശയങ്ങളും മനോഭാവങ്ങളും കുട്ടി നേടി എന്ന് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങളൊരുക്കുകയാണ് ഓരോ അക്കാദമിക വർഷവും. ഓരോ ക്ലാസിലെയും ഭിന്ന നിലവാരക്കാരെ കണ്ട ത്താൻ പ്രീടെസ്റ്റ് നടത്തി. ഇതിൽ A B C,D E ഗ്രേഡ് നേടിയവർക്ക് പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

എങ്കിലും പ്രത്യേകപരിഗണന അർഹി ക്കുന്ന ഒരു വിഭാഗം വിദ്യാർത്ഥികൾ ഇപ്പോഴുമുണ്ട്. 1 മുതൽ 4 വരെ ക്ലാസു കളിൽ 10 വിദ്യാർത്ഥികൾക്ക് പിന്നോക്കാവസ്ഥയുണ്ട്. ഇവർക്ക് വേണ്ട പരിഗണ ന പ്രത്യേകം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ബി.ആർ,സി.യിലെ പ്രത്യേക ട്രെയിനിംഗ് കിട്ടിയ അധ്യാപകരുടെയും സേവനം ആവശ്യമുണ്ട്. കൂടാതെ സർഗാത്മക രചനകളിൽ മികവാർന്ന പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുണ്ട്. സ്കൂളിലെ 1 മുതൽ 4 വരെ ക്ലാസുകളിൽ കുട്ടികളിൽ 50 പേർ ക്ക് സ്വതന്ത്ര രചനകളിൽ ഏർപ്പെടാൻകഴിവുണ്ട്. ഇവരെ കൂടുതൽ മികവാർന്ന പ്രവർത്തനങ്ങളിലൂടെ മികച്ച വായനക്കാരും എഴുത്തുകാരനും ആക്കുകയാണ് അടുത്ത അധ്യായന വർഷത്തെ മറ്റൊരുപ്രാധന ആസൂത്രണം.

ഭാഷാ പ്രകടനത്തിന് കൂടുതൽ മികവ് പുലർത്താൻ ചിത്രങ്ങളും ICT സംവിധാ നങ്ങളും ഉപയോഗപ്പെടുത്തി ശരാശരിയായ എല്ലാ  കുട്ടികളെ മികവിൻ്റെ പാതയിൽ എത്തിക്കുക എന്നാതാണ് മറ്റൊരുലക്ഷ്യം

# തനത് പ്രവർത്തങ്ങൾ

വായന ചാമ്പ്യൻ

ലൈബ്രറി പുസ്തകങ്ങളുടെ കുറുപ്പ് തയ്യാറാക്കി വെള്ളിയാഴ്ച അതിലെ ഏറ്റവും മികച്ച വായനക്കുറിപ്പ് എഴുതിയ ആളെ വായന ചാമ്പ്യനായി പ്രഖ്യാപിക്കും

വായന കാർഡുകൾ

ആഴ്ചയിൽ ഒരു പീരിയഡ് വായനയ്ക്ക് മാത്രമായി മാറ്റിവെക്കുന്നു. ആവശ്യത്തിനുള്ള വായന കാർഡുകൾ കുട്ടികൾക്ക് നൽകുന്നു. ഒരു കാർഡ് വായിക്കുമ്പോൾ കുട്ടിക്ക് ഒരു സ്റ്റാർ ലഭിക്കും. ഓരോ ആഴ്ചയും സ്റ്റാർ റീഡറെ കണ്ടെത്തുന്നു.

ന്യൂമറിക്കൽ ചലഞ്ച്

എല്ലാദിവസവും ക്ലാസിൽ ന്യൂമറിക്കൽ ചലഞ്ച് ബോർഡിൽ ഒട്ടിക്കുന്ന ഗണിതത്തിന്റെ ഉത്തരം കണ്ടെത്തുക. ഒരാഴ്ചയിൽ ഏറ്റവും കൂടുതൽ ഉത്തരം കണ്ടെത്തുന്ന കുട്ടി വിജയിയായി പ്രഖ്യാപിക്കുന്നു

എക്സ്പിരിമെന്റ് സോൺ

കുട്ടികൾക്ക് ശാസ്ത്ര ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായി ആഴ്ചയിൽ ഓരോ ലഘു പരീക്ഷണം ചെയ്യിക്കുന്നു

ഗെയിം സോൺ

കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിനും വികാസത്തിനും വേണ്ടി ഗെയിമുകൾ ചെയ്യിക്കുന്നു

Word WIZARD

ഇംഗ്ലീഷ് പഠനത്തിന് താല്പര്യ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ക്ലാസുകൾ സംഘടിപ്പിക്കുക. ദിവസം ഒരു ഇംഗ്ലീഷ് വാക്കും അതിന്റെ സ്പെല്ലിങ് പഠിക്കുക

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം |
| --- | --- | --- |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് നടത്തി വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു .സി പി ടി എ യോഗം നടത്തുന്നു | ജൂൺ മാസം |
| | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘ ടിപ്പി ക്കൽ. ആവശ്യ മായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ |
| | വീഡിയോ പ്രദർശനം വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു ഓരോന്നിന്റെയും പേരുകൾ എഴുതുന്നു (പദസൂര്യൻ ) | ജൂലൈ |
| | ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും പുനരവതരണത്തിനുമുള്ള അവസരം നൽകുന്നു കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ എഴുതുന്നു വാക്യ നിർമ്മാണം | ഓഗസ്റ്റ് |
| | കഥ അവതരിപ്പിക്കുന്ന കഥയിലെ ചോദ്യങ്ങൾക്ക് ഉത്തരം സ്വന്തമായി കണ്ടെത്തി എഴുതുന്നു | സെപ്റ്റംബർ |
| | വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തുന്നു | ഒക്ടോബർ |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ .ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം വർക്ക് ഷീറ്റ് | നവംബർ |
| | വായനക്കാർഡുകൾ സ്വന്തമായി വായിച്ച് അവതരിപ്പിക്കുന്നു | ഡിസംബർ |

| | | |
|---|---|---|
| | കഥകൾ വായിച്ച് സമാനമായ കഥകൾ സ്വന്തം വാക്യത്തിൽ എഴുതുന്നു<br><br>സി പി ടി എ നടത്തുന്നു മികവുകൾ പരിചയപ്പെടുത്തുന്നു അവതരിപ്പിക്കുന്നു | ജനുവരി<br><br>ഫെബ്രുവരി -മാർച്ച് |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം . ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്. പുസ്തക സംവാദം ആനുകാലിക വായന<br><br>ഭാഷാ ഗെയിമുകൾ, ആക്ഷൻ സോംഗ്സ്, ഭാവാത്മക വായന കഥപറയൽ | വർഷം മുഴുവൻ<br><br>ജൂൺ & ജൂലൈ |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ<br><br>വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക | പ്രതിമാസം (വർഷം മുഴു വൻ) |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ | സാഹിത്യകാരന്മാരു മായി എഴുത്തിലൂടെ സംവദിക്കൽ<br><br>വാക്കുകളുടെ വെബ് (Word Web) നിർമ്മിക്കുകചിത്ര വിവരണംവാക്കുകളും വാക്യങ്ങളും നിർമ്മിക്കുകചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്<br><br>വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക | വർഷം മുഴുവൻ<br><br>ഓഗസ്റ്റ് & സെപ്റ്റംബർ |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ | ഓർമ്മദിനങ്ങൾ ആചരിക്കൽ \| ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം ക്വിസ് ലഘു | വർഷം മുഴുവൻ |

| | | |
|---|---|---|
| സംഘടിപ്പിക്കൽ അടുത്തറിയൽ | പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | |
| സർഗ്ഗോത്സവം | ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | ബാലസഭ പഠനോത്സവം |
| കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | സർഗ്ഗ ശേഷികളുടെ പ്രദർശനം | പഠനോത്സവം |
| സംസാരശേഷി: | ചിത്രവായന,കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം.അനുഭവ വിവരണം.ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക.ചിത്ര വിവരണം | വർഷം മുഴുവൻ |

## English

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
|---|---|---|
| Improving the ability to read, speak and write English | Assembly meeting two days a week (children have full control of the assembly) | All year round |

| | | |
|---|---|---|
| effectively | | |
| Ability to write English without errors | Write down your daily activities at home and at school in an English diary entry. | Three days a week (all year round) |
| Nurturing creativity | (Skit, Drama, Conversation, Story Telling)<br>Translating English text passages into discourse forms (Skit, Drama, Conversation, Story Telling) | Once a month |
| Development of creative writing skills | Preparing a magazine every three months, including children's writings | Once every three months |
| Writing excellence in English | Correspondence with friends, including activities on special days at school | Once a month |
| Reading comprehension | A reading corner with books according to the children's level<br>Reading note. Book familiarity | Once every two weeks |
| English Fest | To a level where you can speak and write English well (to build confidence in handling the English language)<br>Reading competition Writing competition Presentation of other creative activities | |
| Listening skills: | Games, Action songs.<br>- Hello English Activities<br>- conversations<br>- skit stories<br>- use ICT | June and July |

| | | |
|---|---|---|
| | | |
| speaking skills:- | Identify the naming words from the picture<br>- Identify the action words from the picture.<br>Make the simple sentences using the word about picture<br>Make simple description about the picture<br>Growing sentences, . picture reading, self introductions | August and september |

<u>**ഗണിതം**</u>

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
|---|---|---|
| സംഖ്യാബോധം | മൂന്നക്ക സംഖ്യ തിരിച്ചറിയൽ ,തൊട്ടു മുന്നേയും ശേഷവും വരുന്ന സംഖ്യകൾ കണ്ടെത്തൽ ,വ്യത്യസ്ത രൂപത്തിൽ വ്യാഖ്യാനിക്കൽ | ജൂൺ |
| രൂപങ്ങൾ വരയ്ക്കാം | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ<br>ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ<br>തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4)<br>വെജിറ്റബിൾ പ്രിൻറിംഗ്<br>ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു. | ജൂൺ - ജൂലായ് |

| | | |
|---|---|---|
| സങ്കലനം | മൂന്നക്ക സംഖ്യകൾ ഉൾപ്പെടുന്ന സങ്കലനം ചെയ്യുന്നു | ജൂലായ് |
| സങ്കലനം | ഓരാ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്.<br>1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ ഓരാ നോട്ടുകളും 10 എണ്ണം വീതം<br>കമ്പ് കെട്ടുകൾ സംഖ്യാ സ്ട്രിപ്പുകൾ അബാക്കസ് നിർമ്മാണം. | ജൂലായ് , ആഗസ്റ്റ് |
| വ്യവകലനം | മൂന്നക്ക സംഖ്യകൾ ഉൾപ്പെടുന്ന വ്യവകലനക്രിയ ചെയ്യുന്നു | ഓഗസ്റ്റ് |
| ഗുണനം | മൂന്നക്ക സംഖ്യയുള്ള ഗുണന വസ്തുതകൾ കണ്ടെത്തി ചെയ്യുന്നു | സെപ്റ്റംബർ |
| പ്രയാഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം | ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു | ഒക്ടോബർ |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളി കൾ ആസൂത്രണം ചെയ്യൽ- നടപ്പാ ക്കൽ- മൂല്യനിർണയം.(ഏണിയും പാമ്പും, ഡയസ് കളി)സങ്കലനം- വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ |
| ഒറിഗാമിയിലൂടെ പഠിക്കാം.. ഗണിത ശാസ്ത്ര പഠനം രസകരമാ ക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങ ളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരി ക്കൽ |

| | | |
|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുതാര്യമാക്കൽ | ഗണിത ലാബ് ഒരു ക്കൽ- പഠനത്തിന് ഉപയോഗപ്പെടു ത്തൽ | വർഷം മുഴുവൻ |
| ഗണിത രൂപങ്ങളു ടെ പ്രായോഗിക മൂല്യം തിരിച്ചറി യൽ | ഗണിത ചുമർ ഒരു ക്കൽ ഉപയോഗപ്പെടു ത്തൽ | വർഷം മുഴുവൻ |
| പഠനോപകരണങ്ങ ളിലൂടെ ഗണിതപ ഠനം രസകരമാ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോ പകരണങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷം മുഴുവൻ |
| ഗണിതമേള-ഗണിത ശേഷിക ളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങ ളുടെ പ്രദർശനം | വർഷത്തിലൊന്ന് |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.കുറിപ്പു തയ്യാറാക്കൽ. | ജൂൺ ജൂലൈ ആഗസ്ത് |
| പ്രകൃതി വിഭവ സംര ക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തടയണ, മഴക്കുഴിനിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർ ത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ |
| ശാസ്ത്ര പരീക്ഷണങ്ങ ളിൽ താൽപര്യം ജനി പ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്ത റിയാം പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | |
| ശാസ്ത്ര പഠനം | ശാസ്ത്ര പഠനത്തിനാ വശ്യമായ സാമഗ്രി കൾ | വർഷം മുഴുവൻ |

| | | |
|---|---|---|
| ലളിതവും രസകര വുമാക്കൽ | ഒരുക്കൽ പരീക്ഷണങ്ങൾ സംഘ ടിപ്പിക്കൽ | |
| ശാസ്ത്ര പഠന ത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്ലോർ അക്കാ ദമി ഇവ സന്ദർശി ക്കൽ | |
| കേരളം ഇന്ത്യ- ഭൂപടവായന സൂചിക - പരിചയ പ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവു മായി ബന്ധപ്പെട്ട വാർത്തകൾ, ചിത്ര ങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷത്തിലൊരിക്കൽ |
| ശാസ്ത്ര പഠന ത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം. പരീ ക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ |
| ശാസ്ത്ര പഠനത്തി ലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികക ളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ |